സൗജന്യ വ്യവസായ പരിശീലന പരിപാടി

6 (*381)ശ്രീ. എ. കണാരൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ വ്യവസായ പരിശീലന പരിപാടി സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ഈ പദ്ധതി എത്രത്തോളം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് പരിശീലന പരിപാടി മുഖ്യമായും നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് എത്രപേർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം നൽകി എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും നിരന്തരമായി നടത്തി വരുന്നു.

(സി) വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ മനസ്സിലാക്കുന്നതിനും ലാഭകരമായി നടത്താൻ സാധിക്കുന്ന ഉല്പന്നങ്ങൾ കണ്ടുപിടിക്കുന്നതിനും വ്യവസായ നടത്തിപ്പിൽ മേൽനോട്ടപരമായ കഴിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം പ്രയോജനപ്പെടുന്നു.

(ഡി) നിരോധിക്കപ്പെട്ട ഉല്പന്നങ്ങളുടെ ലിസ്റ്റിൽപ്പെടാത്ത ഏതുതരം വ്യവസായം തുടങ്ങാനുദ്ദേശിക്കുന്നവർക്കും നടത്തുന്നവർക്കും പ്രസ്തുത പരിശീലനം നൽകി വരുന്നു.

(ഇ) ഏകദേശം 25000 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ശ്രീ. എ. കണാരൻ : ഈ നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ ലിസ്റ്റിൽപ്പെടാത്ത ഏതുതരം വ്യവസായം തുടങ്ങാനുദ്ദേശിക്കുന്നവർക്കും നടത്തുന്നവർക്കും പ്രത്യേക പരിശീലനം നടത്തി വരുന്നു എന്നാണല്ലോ അങ്ങ് പറഞ്ഞത്. അതിൽ ഏതാണ് നിരോധിക്കപ്പെട്ടത്? ഏതാണ് നിരോധിക്കപ്പെടാത്തത് എന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഒരു പ്രത്യേകം ചോദ്യം ചോദിച്ചാൽ അതിന്റെ മാത്രമായ ഒരു ലിസ്റ്റ് തരുന്നതാണ്.

ശ്രീ. എ. കണാരൻ : ലാഭകരമായി നടത്തുവാൻ സാധിക്കുന്ന ഉല്പന്നങ്ങൾ കണ്ടുപിടിക്കുന്നതിന് വ്യവസായ നടത്തിപ്പിലുള്ള പ്രാധാന്യം നൽകുമെന്നാണ് പറയുന്നത്. എങ്കിൽ ലാഭകരമായിട്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നത് ഏത് വ്യവസായമാണ്? അതിനെപ്പറ്റി പറഞ്ഞു കഴിഞ്ഞാൽ നാട്ടിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിസിറ്റി ഉണ്ടാകുകയും ആ ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള വ്യവസായം ആരംഭിക്കുകയും ചെയ്യും.

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇക്കാര്യത്തിൽ ഓരോന്നിനെ സംബന്ധിച്ചും പഠനം നടത്തി വ്യവസായങ്ങൾ തുടങ്ങുമ്പോൾ അതിനെ സഹായിക്കത്തക്ക വിധത്തിൽ കിഡ്കോ, സിഡ്കോ, സി.എം.ഡി, എസ്.ഐ.എസ്, ഐ, ഇ.പി.ടി.ഐ. തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും പരിശീലന പരിപാടി നടത്തി വരുന്നുണ്ട്. ഇവർക്ക് ആവശ്യമായ ഉപദേശം കൊടുക്കാനും ന്യായമായി അതെല്ലാം ലാഭകരമായി പ്രവർത്തിക്കാൻ കഴിയുമെന്നും ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഓരോ കാലഘട്ടത്തിലും വ്യത്യസ്തമാണ്. പ്രത്യേകിച്ചും കേന്ദ്ര നയങ്ങളും മറ്റു കാര്യങ്ങളും ഇതിനകത്ത് ബാധകമാണ്. അതുകൊണ്ട് ഇതിന് ആവശ്യമായ ഉപദേശം അവർക്ക് നൽകുന്നതിന് ഈ സ്ഥാപനങ്ങൾ ഇന്ന് സഹായം ചെയ്തു കൊണ്ടിരിക്കുകയാണ്. ഓരോ കാലത്തും ഇതു സംബന്ധിച്ച വിവരങ്ങൾ വ്യവസായികൾക്ക് നൽകുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ധാരാളം ആളുകൾ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും ജില്ലാ കേന്ദ്രങ്ങളിലും മറ്റും വ്യവസായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാത്തതുമൂലം ഇതിന് കഴിയുന്നില്ല. അതുകൊണ്ട് രണ്ട് മാസത്തിൽ ഒരിക്കലോ, മൂന്നു മാസത്തിൽ ഒരിക്കലോ ജില്ലാ കേന്ദ്രങ്ങളിൽ ഈ പരിശീലന പരിപാടി സംഘടിപ്പിക്കാൻ മുൻകൈ എടുക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, എല്ലാ ജില്ലകളിലും ഈ പരിശീലന പരിപാടികൾ ഇന്ന് നടത്തിവരുന്നുണ്ട്. എവിടെയെങ്കിലും ഇത് കുറഞ്ഞിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള പരാതികൾ ഉണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിഗണിച്ച് വേണ്ടത് ചെയ്യുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, വ്യവസായത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാർക്കറ്റിംഗ് സംവിധാനമാണ്. വ്യവസായം ആരംഭിക്കുന്ന ആളുകൾ മാർക്കറ്റിംഗ് സംവിധാനം അറിയാത്തതുമൂലവും, ഇല്ലാത്തതുമൂലവും പല വ്യവസായങ്ങളും തുടങ്ങി പൂട്ടുകയാണ് പതിവ്. അതുകൊണ്ട് ഈ മാർക്കറ്റിംഗ് സംവിധാനംകൂടി ലഭ്യമാക്കാൻ മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ ചെറുകിട വ്യവസായങ്ങളുടെ ഈ രംഗത്തുള്ള പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഇതിന് മുൻകൈ എടുത്ത് സിഡ്കോ പോലുള്ള സ്ഥാപനങ്ങൾ കോമൺ മാർക്കറ്റിംഗ് ഫെസിലിറ്റീസ് ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. അതു പോലെതന്നെ വിദേശ രാജ്യങ്ങളിലെ എക്സിബിഷനുകളിലും മറ്റും ഇവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ച് അതിന് ആവശ്യമായ മാർക്കറ്റിംഗ് കണ്ടെത്തുന്നതിനും, ഓർഡർ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly